"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/405/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-11-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - PMAY-അർബൻ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ വെറ്റിംഗ് - സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. 26.12.2018ലെ ഡിഎ1/881/2018-തസ്വഭവ നമ്പർ സർക്കുലർ
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.1, 4.14

**********************

മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും ഭവന നിർമ്മാണ പ്രോജക്ടുകൾ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററാണ് വെറ്റ ചെയ്യേണ്ടത് എന്ന് സൂചന 1 സർക്കുലർ പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്. എന്നാൽ പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ച നഗരഭരണ സ്ഥാപനങ്ങൾക്കുള്ള സൂചന 2 മാർഗ്ഗരേഖ ഖണ്ഡിക 3.8.1(2) പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ വെറ്റ ചെയ്യേണ്ട പ്രോജക്ടുകളുടെ പട്ടികയിൽ PMAY അർബൻ ലൈഫ് ഭവന പദ്ധതി പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. ഇത് കാരണത്താൽ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ ഭവന നിർമ്മാണ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിന് വിമുഖത കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

PMAY അർബൻ - ലൈഫ് ഭവന നിർമ്മാണ പദ്ധതി കുടുബശ്രീ മുഖേനയാണ് നടപ്പാക്കുന്നത്. അതിനാൽ PMAY - അർബൻ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾ സൂചിത സർക്കുലറിൽ പ്രതിപാദിക്കും പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ തന്നെ വെറ്റ ചെയ്യണമെന്ന് വ്യക്തത വരുത്തുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
7. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
12. ഡയറക്ടർ ജനറൽ, കില
13. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
17. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 08-11-2024 12:09:46

സെക്ഷൻ ഓഫീസർ.